

അടിയന്തരാവസ്ഥയിൽ കേരളത്തിലെ പൊലീസ്മേധാവിയെ കോടതി പോലും പരിഹസിച്ചു. എന്തായിരുന്നു ഐജിയുടെ റോൾ ? അന്നത്തെ പൊലീസ്മേധാവി വി. എൻ. രാജൻ ആദ്യമായി തുറന്നു പറയുന്നു

വി. എൻ. രാജൻ

# അടിയന്തരാവസ്ഥയിൽ അറിഞ്ഞില്ല, പലതും

ഇന്ത്യയിലെ ജനാധിപത്യത്തെ 'ഫങ്ഷനിങ് അനാർക്കി' എന്നാണ് അമേരിക്കൻ അംബാസഡർ ജോൺ കെന്നത്ത് ഗാൽബ്രേത്ത് വിശേഷിപ്പിച്ചത്. ജനാധിപത്യത്തിൽ ചില പദവികളിൽ അറിയാത്ത കാര്യങ്ങൾക്കും നാം ഉത്തരവാദിത്തം പറയേണ്ടിവരും. അങ്ങനെയുള്ള അനുഭവം എന്റെ ജീവിതത്തിലും ഉണ്ടായി.

അടിയന്തരാവസ്ഥയുടെ മറപറ്റി തെറ്റു ചെയ്യാൻ തയാറുള്ള ഉദ്യോഗസ്ഥർ സത്യത്തിൽ കേരള പൊലീസിൽ അധികമുണ്ടായിരുന്നില്ല. പിൽക്കാലത്ത് നാം കേട്ടതൊക്കെ ചില ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ഇതായിരുന്നില്ല അവസ്ഥ. അടിയന്തരാവസ്ഥയിലെ അതിക്രമങ്ങളെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ഷാ കമ്മിഷൻ അതിന്റെ തെളിവെടുപ്പുവേളയിൽ കേരളം സന്ദർശിച്ചില്ല. കാരണം മറ്റു സംസ്ഥാനങ്ങളുമായി താരതമ്യംചെയ്യുമ്പോൾ കേരളത്തിൽ സ്ഥിതി അത്ര മോശമായിരുന്നില്ല. പിന്നെ വി.കെ. കൃഷ്ണമേനോൻതന്നെ പറഞ്ഞിട്ടുള്ള ഒരു കാര്യമുണ്ട്, ജേണലിസ്റ്റിക് ഹൈപ്. ഒരു സംഭവത്തെ മാധ്യമങ്ങൾ പർവതീകരിക്കുന്ന അവസ്ഥ. അടിയന്തരാവസ്ഥ സംഭവിച്ച പല വിവരണങ്ങളിലും ഇത്തരമൊരു മീഡിയഹൈപ് വന്നിട്ടുണ്ട്.

എനിക്ക് ഓർമയുണ്ട്, ഞാൻ പൊലീസ് മേധാവി ആയപ്പോൾ തെക്കൻ കേരളത്തിലെ ഒരു പൊതുസമ്മേളനവേദിയിൽ ആഭ്യന്തരമന്ത്രിയുടെ മുന്നിൽവച്ച് ഒരു നേതാവ് പ്രസംഗിച്ചു- 'പുതിയ ഐ.ജിയുടെ രൂപം കണ്ടാൽ അറിയാം പൊലീസിൽ തടിമിടുക്കിന്റെ കാലം പോയി, മതിമിടുക്കിന്റെ കാലം വന്നു' എന്ന്. അത്ര ആത്മവിശ്വാസത്തോടെയാണ് ഞാൻ പൊലീസ് തലവനാകുന്നത്. അന്ന് മൂവായിരം ഓഫിസർമാരും 27000 പൊലീസുകാരും ഉള്ള സേന ആയിരുന്നു കേരള പൊലീസ്. അക്കൂട്ടത്തിൽ നിയമത്തിൽനിന്ന് വ്യതിചലിച്ച ചിലരുണ്ടായി. അന്നും ഇന്നും അത്തരക്കാരുണ്ട്.

**ഒരിക്കൽ സി.അച്യുതമേനോൻ എന്നോടു ചോദിച്ചു– 'രാജൻ, ജയറാം പടിക്കലിനെക്കുറിച്ച് എന്താണ് അഭിപ്രായം?' ഞാൻ പറഞ്ഞു– 'സാർ, എ ബ്രില്യന്റ് ഓഫിസർ വിത്ത് ഇലാസ്റ്റിക് കോൺഷ്യൻസ്'**

പിന്നെ മറ്റൊന്നുകൂടിയുണ്ട്. പൊലീസിൽ ഓരോ റാങ്കിനും ഓരോ ഉത്തരവാദിത്തം ഉണ്ട്. രാഷ്ട്രീയക്കാരുടെ ഒരു രീതി ഒരു വകുപ്പുമേധാവി ഒരു തെറ്റായ കാര്യം ചെയ്യാൻ തയാറായില്ലെങ്കിൽ അതിനു തൊട്ടു താഴെയുള്ളവനെ സമീപിക്കും എന്നുള്ളതാണ്. തലപ്പത്തുള്ളയാളെ മറികടന്ന് തൊട്ടുതാഴെയുള്ളവനെക്കൊണ്ടു തെറ്റായ കാര്യങ്ങൾ ചെയ്യിക്കാൻ രാഷ്ട്രീയക്കാർക്ക് കഴിയും. ഈ രാഷ്ട്രീയ രീതിയാണ് പൊലീസിന്റെ പ്രധാന പ്രശ്നം, അന്നും ഇന്നും.

1972 ൽ ശിങ്കാരവേലു ഐജി ആയിരുന്ന കാലത്താണ് പൊലീസിൽ തെറ്റായ പലതും ആരംഭിച്ചത്. നമ്പർ ടു, നമ്പർ ത്രീ ആയിരുന്നവർക്ക് അമിതാധികാരം നൽകുന്ന പ്രവണത അവിടെയാണ് ആരംഭിച്ചത്. പിൽക്കാലത്ത് പൊലീസ് സേനയ്ക്ക് ഉണ്ടായ മിക്ക പെരുദോഷങ്ങളുടെയും തുടക്കം അവിടെയായിരുന്നു. താഴെയുള്ളവർക്ക് അമിതാധികാരങ്ങൾ നൽകിയപ്പോൾ പൊലീസിന്റെ അച്ചടക്കവും ധാർമികതയും ഇല്ലാതായി. വീണ്ടെടുക്കാനാവാത്തവിധം പൊലീസിന്റെ ധാർമികത ഉടഞ്ഞുപോയ കാലമായിരുന്നു അത്.

അടിയന്തരാവസ്ഥക്കാലത്ത് ക്രൈംബ്രാഞ്ച് എന്റെ നിയന്ത്രണത്തിൽ ആയിരുന്നില്ല. രാജനെ കസ്റ്റഡിയിൽ എടുത്തിട്ടില്ല എന്ന ആദ്യ സത്യവാങ്മൂലം ഹൈക്കോടതിയിൽ നൽകുമ്പോൾ കസ്റ്റഡിയിൽ എടുത്തിട്ടില്ല എന്നുതന്നെയായിരുന്നു എനിക്കു കിട്ടിയ വിവരം. അതല്ല, സത്യം എന്നു മനസ്സിലായ ഉടൻ അക്കാര്യം കോടതിയെ അറിയിക്കുകയും തെറ്റായ വിവരം നൽകാൻ ഇടയായതിൽ മാപ്പ് അപേക്ഷിക്കുകയും ചെയ്തു. അത് കോടതി സ്വീകരിച്ചു. രാജൻസംഭവം സംബന്ധിച്ചും അക്കാലത്തെ ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ചും എനിക്ക് അറിവില്ലായിരുന്നു. ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ പൊലീസ്മേധാവിയെ വേണമെങ്കിൽ അറിയിക്കാം എന്നു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒന്നും അറിയിക്കാതെ മൂടിവയ്ക്കാനും കഴിയുമായിരുന്നു. ജയറാം പടിക്കൽ ആയിരുന്നു ആ പദവിയിൽ.

ഒരിക്കൽ സി.അച്യുതമേനോൻ എന്നോട് ചോദിച്ചു- 'രാജൻ, ജയറാം പടിക്കലിനെക്കുറിച്ച് എന്താണ് അഭിപ്രായം?' ഞാൻ പറഞ്ഞു- 'സാർ, എ ബ്രില്യന്റ് ഓഫിസർ വിത്ത് ഇലാസ്റ്റിക് കോൺഷ്യൻസ്.' അച്യുതമേനോൻ ഒരു പ്രത്യേക താളത്തിൽ പേന മേശയിൽ തട്ടിക്കൊണ്ട് ആ വാചകം പലതവണ ആവർത്തിച്ചു. ഇലാസ്റ്റിക് കോൺഷ്യൻസ്......

തരംപോലെ ചുരുങ്ങുകയും നീളുകയും ചെയ്യുന്ന മനസ്സാക്ഷിയായിരുന്നു ജയറാമിന്റെ കുഴപ്പം. സമർഥനായിരുന്നു, പക്ഷേ, ധാർമികത വട്ടപ്പൂജ്യം. രാജൻകേസിൽ സസ്പെൻഷനിലായിരുന്ന കാലത്ത് ഒരിക്കൽ വിമാനത്താവളത്തിൽവച്ച് ഞാൻ ജയറാം പടിക്കലിനെ കണ്ടു. 'ഹൗ ആർ യു മിസ്റ്റർ പടിക്കൽ?' ഞാൻ കുശലം ചോദിച്ചു. ''കാൺഡ് യു സീ ഹൗ അയാം? എന്ന മറുചോദ്യമായിരുന്നു മറുപടി.

അടിയന്തരാവസ്ഥ കഴിഞ്ഞപ്പോഴേക്കും നന്നാക്കിയെടുക്കാൻ കഴിയാത്തവിധം കേരളത്തിലെ പൊലീസ്സേനയുടെ നേതൃത്വം മോശമായിരുന്നു. ഒപ്പം രാഷ്ട്രീയ സമ്മർദങ്ങളും പലതുണ്ടായിരുന്നു. സമർഥരായ 75 ഇൻസ്പെക്ടർമാരെ ഒറ്റയടിക്ക് സ്ഥലം മാറ്റാനാണ് ഒരിക്കൽ ഒരു മന്ത്രി നിർദേശിച്ചത്. ഞാൻ പറഞ്ഞു, മാറ്റാം. പക്ഷേ, അവർ ചെയ്ത തെറ്റ് എന്താണെന്ന് പറയണം. മന്ത്രി പറഞ്ഞു- 'ഇത് രാഷ്ട്രീയമാണ്. ഇതൊക്കെ ചെയ്യേണ്ടി വരും...' ഞാൻ വഴങ്ങിയില്ല. സത്യത്തിൽ കേരളം വിട്ടപ്പോൾ എനിക്കു വലിയ ആശ്വാസം തോന്നി. കിണറ്റിൽ കഴിഞ്ഞ ഒരു തവള സമുദ്രത്തിൽ എത്തിയതുപോലെ.

അടിയന്തരാവസ്ഥയിലും മറ്റും മേലാവിൽനിന്ന് കിട്ടിയ നിയമവിരുദ്ധമായ ഉത്തരവുകൾ എല്ലാം അനുസരിച്ചിരുന്നെങ്കിൽ പിൽക്കാലത്ത് എനിക്കൊരു ഗവർണർ എങ്കിലും ആകാമായിരുന്നു. പക്ഷേ, ഞാൻ ജീവിതത്തിൽ ഒരിക്കലും മനസ്സാക്ഷിയെ പോക്കറ്റിലിട്ടു നടന്നിട്ടില്ല. അതുകൊണ്ടുതന്നെ നാളെ ദൈവത്തിന്റെ കോടതിയിൽ എനിക്ക് ഉത്തരം മുട്ടില്ല.

തയാറാക്കിയത്: എം. അബ്ദുൽ റഷീദ്